**Desabhimani**
**13 july 2018**
**Thrikkakara, Mansoon Damages..**



# ജില്ലയിൽ 5.27 കോടിയുടെ കാലവർഷക്കെടുതി

**തൃക്കാക്കര**

കാലവർഷക്കെടുതിയിൽ ജില്ലയിൽ ഇതുവരെ 5.27 കോടി രൂപയുടെ നഷ്ടം ഉള്ളതായി റവന്യൂ വിഭാഗം അധികൃതർ പറഞ്ഞു. 294 വീടുകൾക്കാണ് നാശം സംഭവിച്ചത്. പൂർണമായി 16 വീടുകളും 278 എണ്ണം ഭാഗികമായും നശിച്ചിട്ടുണ്ട്.

ജില്ലയിൽ 190 ഹെക്ടർ ഭൂമിയിൽ കൃഷി നശിച്ചിട്ടുണ്ട്. ഇതിൽ 4.88 കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് ജില്ലാ കൃഷി അധികൃതർ പറഞ്ഞു. കോതമംഗലം താലൂക്കിലാണ് ഏറ്റവും കൂടുതൽ നഷ്ടം. കുറവ് ആലുവ താലൂക്കിലാണ്.

വാഴ, തെങ്ങ്, കവുങ്ങ്, റബർ എന്നിവയ്ക്കാണ് നാശം ഉണ്ടായിട്ടുള്ളത്.